# എസ്എസ്.എൽ.സി പരീക്ഷ മാർച്ച് 2023

## സാമൂഹ്യശാസ്ത്ര  പരീക്ഷയിലെ ക്രമീകരണങ്ങൾ

2023 മാർച്ചിൽ നടക്കാനിരിക്കുന്ന എസ്.എസ്.എൽ.സി പരീക്ഷയിൽ ഉള്ളടക്ക ഭാരവും കുട്ടികളുടെ പരീക്ഷാസമ്മർദവും ലഘൂകരിക്കുന്നതിനായി സാമൂഹ്യശാസ്ത്ര ചോദ്യപേപ്പറിൽ ചില ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്.

സാമൂഹ്യശാസ്ത്ര പരീക്ഷാപേപ്പറിൽ എ, ബി എന്നിങ്ങനെ രണ്ടു ഭാഗങ്ങൾ ഉണ്ടായിരിക്കും. രണ്ട് ഭാഗങ്ങൾക്കും 40 വീതം സ്കോറുകളാണ് നൽകിയിരിക്കുന്നത്. 'എ' വിഭാഗത്തിലെ എല്ലാ ചോദ്യങ്ങൾക്കും നിർബന്ധമായും ഉത്തരമെഴുതേണ്ടതാണ്. 'ബി' വിഭാഗത്തിലുള്ള ചോദ്യങ്ങളിൽ നിന്ന് നിശ്ചിത എണ്ണം തിരഞ്ഞെടുത്ത് ഉത്തരം എഴുതുന്നതിന് അവസരം ലഭിക്കും.

സാമൂഹ്യശാസ്ത്രത്തിന് രണ്ട് പാഠപുസ്തകങ്ങളാണ് നിർദേശിച്ചിരിക്കുന്നത്. സാമൂഹ്യശാസ്ത്രം ഒന്നിലും സാമൂഹ്യശാസ്ത്രം രണ്ടിലും 40 സ്കോർ വീതമുള്ള ചോദ്യപേപ്പറിൽ 'എ', 'ബി' എന്നിങ്ങനെ രണ്ട് പാർട്ടുകൾ ഉണ്ട്. പാർട്ട് 'എ' യിൽ 40 സ്കോറും പാർട്ട് 'ബി' യിൽ 40 സ്കോറുമാണുള്ളത്. നിർബന്ധമായും ചോദ്യങ്ങൾ ഉൾപ്പെടുത്തേണ്ട യൂണിറ്റുകളിൽ നിന്നുള്ള ചോദ്യങ്ങളാണ് പാർട്ട് 'എ' യിൽ നൽകിയിട്ടുള്ളത്. തിരഞ്ഞെടുത്ത് പഠിക്കേണ്ട യൂണിറ്റുകളിൽ  നിന്നുള്ള ചോദ്യങ്ങളാണ് പാർട്ട് 'ബി' യിൽ ഉള്ളത്. ഇതിലൂടെ പഠനത്തിനായി നിർദേശിച്ചിരിക്കുന്ന പാഠഭാഗങ്ങളിൽ നിന്ന് ആറ് അധ്യായങ്ങൾ ഒഴിവാക്കി പരീക്ഷാതയ്യാറെടുപ്പ് നടത്തുവാൻ കുട്ടികൾക്ക് കഴിയും. (വിശദാംശങ്ങൾ : എസ്.സി.ഇ.ആർ.ടി വെബ്സൈറ്റിൽ ലഭ്യമാണ്. (www.scertkerala.gov.in))

# സാമൂഹ്യശാസ്ത്രം -I

**പാർട്ട് എ – 20 സ്കോർ (നിർബന്ധമായും പഠിക്കേണ്ട യൂണിറ്റുകൾ)**

| ക്രമ. നമ്പർ | അധ്യായം | വിഷയം | സ്കോർ | ആകെ സ്കോർ |
|---|---|---|---|---|
| 1 | സമരവും സ്വാതന്ത്ര്യവും | ചരിത്രം | 5 | |
| 2 | സംസ്കാരവും ദേശീയതയും | ചരിത്രം | 4 | |
| 3 | കേരളം ആധുനികതയിലേയ്ക്ക് | ചരിത്രം | 4 | |
| 4 | പൗരബോധം | രാഷ്ട്രതന്ത്രശാസ്ത്രം | 4 | |
| 5 | സമൂഹശാസ്ത്രം എന്ത്? എന്തിന്? | സമൂഹശാസ്ത്രം | 3 | 20 |

# സാമൂഹ്യശാസ്ത്രം - I

**പാർട്ട് ബി – 20 സ്കോർ (തിരഞ്ഞെടുത്ത് പഠിക്കേണ്ട യൂണിറ്റുകൾ)**

| ക്രമ. നമ്പർ | അധ്യായം | വിഷയം | സ്കോർ | ആകെ സ്കോർ |
|---|---|---|---|---|
| 1 | ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ<br>*അല്ലെങ്കിൽ*<br>ലോകം ഇരുപതാം നൂറ്റാണ്ടിൽ | ചരിത്രം | 6 | |
| 2 | പൊതുഭരണം<br>*അല്ലെങ്കിൽ*<br>രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും | രാഷ്ട്രതന്ത്രശാസ്ത്രം | 8 | |
| 3 | ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പും<br>*അല്ലെങ്കിൽ*<br>സ്വാതന്ത്ര്യാനന്തര ഇന്ത്യ | ചരിത്രം | 6 | 20 |

## സാമൂഹ്യശാസ്ത്രം -II

### പാർട്ട് എ – 20 സ്കോർ (നിർബന്ധമായും പഠിക്കേണ്ട യൂണിറ്റുകൾ)

| ക്രമ. നമ്പർ | അധ്യായം | വിഷയം | സ്കോർ | ആകെ സ്കോർ |
|---|---|---|---|---|
| 1 | പൊതുചെലവും പൊതു വരുമാനവും | സാമ്പത്തിക ശാസ്ത്രം | 4 | |
| 2 | വൈവിധ്യങ്ങളുടെ ഇന്ത്യ | ഭൂമിശാസ്ത്രം | 7 | |
| 3 | ഇന്ത്യ- സാമ്പത്തിക ഭൂമി ശാസ്ത്രം | ഭൂമിശാസ്ത്രം | 5 | |
| 4 | ഉപഭോക്താവ് സംതൃ പ്തിയും സംരക്ഷണവും | സാമ്പത്തിക ശാസ്ത്രം | 4 | 20 |

## സാമൂഹ്യശാസ്ത്രം - II

### പാർട്ട് ബി – 20 സ്കോർ (തിരഞ്ഞെടുത്ത് പഠിക്കേണ്ട യൂണിറ്റുകൾ)

| ക്രമ. നമ്പർ | അധ്യായം | വിഷയം | സ്കോർ | ആകെ സ്കോർ |
|---|---|---|---|---|
| 1 | ഋതുഭേദങ്ങളും സമ യവും *അല്ലെങ്കിൽ* കാറ്റിന്റെ ഉറവിടം തേടി | ഭൂമിശാസ്ത്രം | 8 | |
| 2 | ആകാശകണ്ണുകളും അറി വിന്റെ വിശകലനവും *അല്ലെങ്കിൽ* ഭൂതലവിശകലനം ഭൂപട ങ്ങളിലൂടെ | ഭൂമിശാസ്ത്രം | 4 | |
| 3 | മാനവവിഭവശേഷി വിക സനം ഇന്ത്യയിൽ *അല്ലെങ്കിൽ* ധനകാര്യസ്ഥാപനങ്ങളും സേവനങ്ങളും | സാമ്പത്തിക ശാസ്ത്രം | 8 | 20 |